# കേരളസർവകലാശാല

നം.പി.ആർ.218/2023 തിരുവനന്തപുരം, തീയതി: 21/10/2023

## പത്രക്കുറിപ്പ്

### പരീക്ഷാഫലം

കേരളസർവകലാശാല 2022 സെപ്റ്റംബറിൽ നടത്തിയ രണ്ടാം സെമസ്റ്റർ എം.എ. ബിസിനസ് ഇക്കണോമിക്സ് (മേഴ്സി ചാൻസ്) പരീക്ഷാഫലം പ്രസിദ്ധീകരിച്ചു. സൂക്ഷ്മപരിശോധനയ്ക്ക് 2023 ഒക്ടോബർ 29 വരെ അപേക്ഷിക്കാം. സൂക്ഷ്മപരിശോധനയ്ക്ക് അപേക്ഷ ഒക്ടോബർ 29 നകം സർവകലാശാല ഓഫീസിൽ സമർപ്പിക്കേണ്ടതാണ്. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

### പ്രാക്ടിക്കൽ

കേരളസർവകലാശാല 2023 ജൂലൈയിൽ നടത്തിയ നാലാം സെമസ്റ്റർ ബി.വോക്. ഫുഡ് പ്രോസസ്സിംഗ് ആന്റ് മാനേജ്മെന്റ് (356) കോഴ്സിന്റെ പ്രാക്ടിക്കൽ പരീക്ഷകൾ 2023 ഒക്ടോബർ 25 മുതലും ബി.വോക്. ഫുഡ് പ്രോസസ്സിംഗ് (359) കോഴ്സിന്റെ പ്രാക്ടിക്കൽ പരീക്ഷകൾ 2023 ഒക്ടോബർ 31 മുതലും അതാത് കോളേജുകളിൽ നടത്തുന്നു. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

കേരളസർവകലാശാല 2023 ജൂലൈയിൽ നടത്തിയ നാലാം സെമസ്റ്റർ ബി.എസ്സി. ഫിസിക്സ് ആന്റ് കമ്പ്യൂട്ടർ ആപ്ലിക്കേഷൻസ് (328) കോഴ്സിന്റെ പ്രാക്ടിക്കൽ പരീക്ഷകൾ 2023 ഒക്ടോബർ 26 മുതൽ അതാത് പരീക്ഷ കേന്ദ്രങ്ങളിൽ നടത്തുന്നു. വിശദമായ ടൈംടേബിൾ വെബ്സൈറ്റിൽ.

### പുനഃക്രമീകരിച്ച പരീക്ഷാത്തീയതി

കേരളസർവകലാശാല 2023 ഒക്ടോബർ 19, 25 തീയതികളിൽ നടത്താൻ നിശ്ചയിച്ചിരുന്ന നാലാം സെമസ്റ്റർ ബി.കോം. കമ്പ്യൂട്ടർ ആപ്ലിക്കേഷൻസ് 138 2 (b), ജൂലൈ 2023 പരീക്ഷയുടെ പ്രാക്ടിക്കൽ 2023 ഒക്ടോബർ 27 ന് കരുനാഗപ്പള്ളി ശ്രീ. വിദ്യാധിരാജ കോളേജ് ഓഫ് ആർട്സ് ആന്റ് സയൻസ് കോളേജിലും 2023 ഒക്ടോബർ 26 ന് തുറവൂർ ശ്രീനാരായണ ഗുരു മെമ്മോറിയൽ ആർട്സ് ആന്റ് സയൻസ് കോളേജിലും, കരുവാറ്റ യു.ഐ.ടി.യിലും വച്ച് നടത്തുന്നതാണ്.

കേരളസർവകലാശാല 2023 ഒക്ടോബർ 16 ന് നടത്താൻ നിശ്ചയിച്ചിരുന്ന നാലാം സെമസ്റ്റർ സി.ബി.സി.എസ്.എസ്. ബി.എസ്സി. ജിയോളജി (കോംപ്ലിമെന്ററി), ജൂലൈ 2023 പരീക്ഷയുടെ പ്രാക്ടിക്കൽ പരീക്ഷകൾ 2023 ഒക്ടോബർ 27 ലേക്ക് പുനഃക്രമീകരിച്ചിരിക്കുന്നു. സമയത്തിനും പരീക്ഷാകേന്ദ്രത്തിനും മാറ്റമില്ല.

കേരളസർവകലാശാല 2023 നവംബർ 2 ന് നെടുമങ്ങാട് ഗവ. കോളേജിൽ വച്ച് നടത്താനിരുന്ന നാലാം സെമസ്റ്റർ സി.ബി.സി.എസ്.എസ്. ബി.എസ്സി. ജൂലൈ 2023 പരീക്ഷയുടെ സ്റ്റാറ്റിസ്റ്റിക്സ് (കോംപ്ലിമെന്ററി ഓഫ് മാത്തമാറ്റിക്സ് കോർ) പ്രാക്ടിക്കൽ പരീക്ഷകൾ 2023 നവംബർ 8 ലേക്ക് പുനഃക്രമീകരിച്ചിരിക്കുന്നു. പുതുക്കിയ ടൈംടേബിൾ വെബ്സൈറ്റിൽ.

## ടൈംടേബിൾ

കേരളസർവകലാശാല 2023 ഒക്ടോബറിൽ ആരംഭിക്കുന്ന ബി.എ./ ബി.എസ്സി./ബി.കോം. ന്യൂജനറേഷൻ ഡബിൾ മെയിൻ ഡിഗ്രി (റെഗുലർ - 2022 അഡ്മിഷൻ, ഇംപ്രൂവ്മെന്റ്/സപ്ലിമെന്ററി - 2021 അഡ്മിഷൻ, സപ്ലിമെന്ററി - 2020 അഡ്മിഷൻ) പരീക്ഷാ ടൈംടേബിൾ പ്രസിദ്ധീകരിച്ചു. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

## സൂക്ഷ്മപരിശോധന

കേരളസർവകലാശാല വിദൂര വിദ്യാഭ്യാസ പഠന കേന്ദ്രം 2022 ഡിസംബറിൽ നടത്തിയ ഒന്ന്, രണ്ട് സെമസ്റ്റർ ബി.സി.എ./ബി.എസ്സി. കമ്പ്യൂട്ടർ സയൻസ് ഡിഗ്രി പരീക്ഷകളുടെ സൂക്ഷ്മപരിശോധനയ്ക്ക് അപേക്ഷ സമർപ്പിച്ചിട്ടുള്ള വിദ്യാർത്ഥികൾ ഫോട്ടോ പതിച്ച തിരിച്ചറിയൽ കാർഡും ഹാൾ ടിക്കറ്റുമായി 2023 ഒക്ടോബർ 27 മുതൽ നവംബർ 2 വരെയുള്ള പ്രവൃത്തി ദിനങ്ങളിൽ ഇ.ജെ. III (മൂന്ന്) സെക്ഷനിൽ ഹാജരാകേണ്ടതാണ്.

## പി.ജി. ഡിപ്ലോമ ഇൻ ജിയോ ഇൻഫോർമേഷൻ സയൻസ് ആന്റ് ടെക്നോളജി പ്രോഗ്രാമിലേക്ക് (2023-2024) അഡ്മിഷന് അപേക്ഷ ക്ഷണിച്ചു

കേരളസർവകലാശാലയുടെ കീഴിലുള്ള സെന്റർ ഫോർ ജിയോ സ്പേഷ്യൽ ഇൻഫോർമേഷൻ സയൻസ് ആന്റ് ടെക്നോളജിയിൽ പി.ജി. ഡിപ്ലോമ ഇൻ ജിയോ ഇൻഫോർമേഷൻ സയൻസ് ആന്റ് ടെക്നോളജി പ്രോഗ്രാമിലേക്ക് (2023-2024) അഡ്മിഷന് വേണ്ടിയുള്ള അപേക്ഷ ക്ഷണിച്ചു. യോഗ്യത: Geology (or any branch of Earth science)/Geography/Environmental Science/Physics/Computer Science/ Zoology/Botany/any branch of Life Sciences/Climate Science/Climate Change/Climate Change and Disaster Management/ MCA/Environment Science and Disaster Management/Disaster Management ഇവയിലേതിലെങ്കിലും പി.ജി. 2023 നവംബർ 15 വരെ അപേക്ഷിക്കാം. ഫോൺ: 9447103510, വിശദ വിവരങ്ങൾക്കും അപേക്ഷാ ഫോമിനും www.keralauniversity.ac.in സന്ദർശിക്കുക.

പബ്ലിക് റിലേഷൻസ് ഓഫീസർ (ഇൻ-ചാർജ്)

**E-mail:**For queries**helpdesk@keralauniversity.ac.in**
**website: www.keralauniversity.ac.in**

**University information is available on 9188526670, 9188526671, 9188526674, 9188526675**
**Whats App No. 8547330240**